LIBRARY ARCHIVES Kerala Legislative Assembly

നേതാക്കൾക്കെതിരെ നൽകിയ കേസിൽ നാളിതുവരെ എന്തെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ആലത്തൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 443/21 U/s 341, 506 (i) r/w 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും തുടർന്ന് ബഹുമാനപ്പെട്ട എം.പി.-യുടെ മൊഴി നേരിൽ കണ്ട് രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. സംഭവ സ്ഥലത്തുണ്ടായിരുന്നവരെയും സമീപവാസികളെയും സ്ഥലത്ത് ശുചീകരണ പ്രവർത്തനങ്ങൾ നടത്തിവന്നിരുന്ന ഹരിതകർമ്മസേനാ പ്രവർത്തകരെയും കണ്ട് ചോദിച്ചും മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്. സ്ഥലത്തെ സി.സി.ടി.വി. ദൃശ്യങ്ങൾ പരിശോധിച്ചതിൽ കേസിലേയ്ക്ക് ഉപകാരപ്രദമായ വിവരങ്ങൾ ലഭിച്ചിട്ടില്ല. കേസ് അന്വേഷണം ഊർജ്ജിതമായി നടന്നുവരുന്നു.

ഐ.പി.സി. 304 ബി വകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്ത കേസുകൾ

89 (1451) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെകാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഐ. പി. സി. 304 ബി വകുപ്പ് പ്രകാരം 2018, 2019, 2020 വർഷങ്ങളിൽ പോലീസ് രജിസ്റ്റർ ചെയ്ത കേസുകളുടെ വിശദാംശം വർഷംതിരിച്ച് നൽകാമോ; ഇതിൽ എത്ര കേസുകളിൽ ചാർജ് ഷീറ്റ് സമർപ്പിച്ചുവെന്നും എത്ര എണ്ണത്തിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടുവെന്നും വിശദമാക്കാമോ?

സംസ്ഥാനത്ത് ഐ.പി.സി. 304 ബി വകുപ്പ് പ്രകാരം 2018, 2019, 2020 വർഷങ്ങളിൽ പോലീസ് രജിസ്റ്റർ ചെയ്ത കേസുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

90 (1452) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി ഈ അദ്ധ്യയന വർഷം എത്ര സ്കൂളുകളിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഈ അദ്ധ്യയന വർഷത്തിൽ (2021-22) ആകെ 197 സ്കൂളുകളിൽ എസ്.പി.സി. പദ്ധതി അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.